"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- വനം വന്യജീവി വകുപ്പിൽ സതേൺ സർക്കിളിനു കീഴിൽ ജൂനിയർ സൂപ്രണ്ടായി സേവനത്തിലിരിക്കെ അന്തരിച്ച ശ്രീ. എ.എഫ്. ആന്റൺ ജോയ്-യുടെ മകളായ കുമാരി. ആർച്ച ആന്റൺ ജോയ്-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.30/2021/വനം — തീയതി,തിരുവനന്തപുരം, 25/12/2021.

പരാമർശം:-

1. സ.ഉ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. കുമാരി. ആർച്ച ആന്റൺ ജോയ്, ഇല്ലം ഹൗസ് നമ്പർ 75, വേലുത്തമ്പി നഗർ, കണ്ടറ വിള, കൊല്ലം സമർപ്പിച്ച 04.05.2017 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 08.01.2018 ലെ ഇ6-64826/17 നമ്പർ കത്തും അനുബന്ധ രേഖകളും.
4. കൊല്ലം ജില്ലാ കളക്ടറുടെ 28.10.2021 ലെ DCKLM/111/2018-S4 നമ്പർ കത്തും അനുബന്ധരേഖകളും.

ഉത്തരവ്

വനം വന്യജീവി വകുപ്പിൽ സതേൺ സർക്കിളിനു കീഴിൽ പുനലൂർ (ടിമ്പർ സെയിൽസ്) ഡിവിഷനിൽ ജൂനിയർ സൂപ്രണ്ടായി സേവനത്തിലിരിക്കെ 04.04.2016 ൽ മരണമടഞ്ഞ ശ്രീ. എ.എഫ്. ആന്റൺ ജോയ്-യുടെ മകളായ കുമാരി. ആർച്ച ആന്റൺ ജോയ്, സർവീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം കൊല്ലം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2). കൊല്ലം തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ അനന്തരാവകാശികൾ ഭാര്യ ജെ.എം. ബീന, മകൾ ആർച്ച ആന്റൺ ജോയ്, മകൾ ആർജ ആന്റൺ ജോയ് എന്നിവരാണ്. അവകാശികൾ അപേക്ഷകയ്ക്ക് ആശ്രിത നിയമനം നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 04.05.1999 ആണ്. ടിയാൾക്ക് 22 വയസ് പൂർത്തിയായിട്ടുള്ളതും ഐ. സി.എസ്.സി (class X) , ഐ.എസ്.സി (Class XII) എന്നിവ പാസായിട്ടുള്ളതുമാണ്. ടിയാളുടെ കുടുംബ വരുമാനം 5,62,800/- രൂപയാണെന്ന് ഇളമ്പള്ളൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3). മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ സതേൺ സർക്കിളിനു കീഴിൽ പുനലൂർ (ടിമ്പർ സെയിൽസ്) ഡിവിഷനിൽ ജൂനിയർ സൂപ്രണ്ടായി സേവനത്തിലിരിക്കെ 04.04.2016 ൽ

മരണമടഞ്ഞ ശ്രീ. എ.എഫ്. ആന്റൺ ജോയ്-യുടെ മകളായ കുമാരി. ആർച്ച ആന്റൺ ജോയ്- യ്ക്ക് വനം വന്യജീവി വകുപ്പിൽ, കൊല്ലം ജില്ലയിൽ ₹26500-60700 ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, ,സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കൊല്ലം ജില്ലയിൽ ഒഴിവ് നിലവിലില്ലാത്ത പക്ഷം, ഒഴിവുള്ള ജില്ലയിൽ നിയമിക്കാവുന്നതും കൊല്ലം ജില്ലയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാൾക്ക് സ്ഥലം മാറ്റം അനുവദിക്കേണ്ടതുമാണ്.

4). അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) നൽകേണ്ടതാണ്.

5). ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു തങ്കച്ചി.എം.കെ
അഡിഷണൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം.
ജില്ല കളക്ടർ, കൊല്ലം.
കുമാരി. ആർച്ച ആന്റൺ ജോയ്, ഇല്ലം ഹൗസ് നമ്പർ 75, വേലുത്തമ്പി നഗർ, കുണ്ടറ പി.ഒ, കൊല്ലം-691 501.(രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) , കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) , കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Noushad S
Date: 27-12-2021 11:19:03
Reason: Approved
സെക്ഷൻ ഓഫീസർ.